## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2579** **12/02/2020 ൽ മറുപടിക്ക്**

**ശബരിമല മാസ്റ്റർ പ്ലാനിലെ മാറ്റങ്ങൾ**

**ചോദ്യം**

**ശ്രീ.വി. അബ്ദുറഹിമാൻ**

**മറുപടി**

**കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനം ഇത്തവണത്തേതുപോലെ യാതൊരു പ്രശ്നങ്ങൾക്കും ഇടനൽകാതെ വരും വർഷങ്ങളിലും നടക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശബരിമലയിൽ മെച്ചപ്പെട്ട താമസ സൗകര്യം ,സുരക്ഷ ,ബാത്ത്റൂം ,ശൗചാലയങ്ങൾ , യൂറിനലുകൾ , എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കും , ഭക്തർക്കുള്ള വിരി സൗകര്യം വർദ്ധിപ്പിക്കും, കുടിവെള്ളവിതരണം 24 മണിക്കൂറും ഉറപ്പാക്കും ആവശ്യത്തിന് അപ്പം അരവണ പ്രസാദം ലഭ്യമാക്കും , അന്നദാനം വിപുലമാക്കും . മാലിന്യ സംസ്കരണം കാര്യക്ഷമമാക്കും .പോലീസ് ബാരക്കിന് സമീപത്ത് നിന്നും ചന്ദ്രാനന്ദൻ റോഡിലേയ്ക്ക് പുതിയ നടപ്പാത (എക്സിറ്റ് ബ്രിഡ്ജ്) നിർമ്മിക്കും, സ്വദേശി ദർശൻ പദ്ധതികളും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികളും പൂർത്തീകരിക്കും . |
| (ബി) | 2018-ലെ നൂറ്റാണ്ടിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ശബരിമല മാസ്റ്റർ പ്ലാനിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പമ്പയിൽ ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്ന വലിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാറ്റംവരുത്തി പകരം താത്കാലിക നിർമ്മിതികളാണ് ചെയ്തിട്ടുള്ളത് · പമ്പയിൽ നിന്നും ബേസ് ക്യാമ്പ് എല്ലാവിധ സൗകര്യങ്ങളോടു കൂടി നിലയ്ക്കലേക്ക് മാറ്റിയിട്ടുണ്ട്.. കാലാനുസൃതമായി ശബരിമല മാസ്റ്റർപ്ലാനിലും മാറ്റം വരുത്തുന്ന കാര്യം ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ